## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 5811 05/07/2013 ൽ മറുപടിക്ക്

### റോഡ് അടിസ്ഥാന സൗകര്യ വികസന സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമ്പിൽ രാമകൃഷ്ണൻ<br>" സി. പി. മുഹമ്മദ്<br>" ലൂഡി ലൂയിസ്<br>" എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് അടിസ്ഥാന സൗകര്യ വികസന സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) കേരള റോഡ് ഫണ്ട് ബോർഡ് അവരുടെ കൈവശം നീക്കിയിരിപ്പുള്ള തുക ഉപയോഗിച്ചും സർക്കാർ ഗ്യാരണ്ടിയിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ എടുത്തും സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതാണ്. വാഹന നികുതി രംഗത്ത് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ (എ.ആർ.എം) പ്രൊപ്പോസൽ പ്രകാരമുള്ള തുകയിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിന് വേണ്ടി വരുന്ന തുക അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഫ്ലൈഓവറുകൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക, റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുക, നിലവിലുള്ള പാതകൾ 4 വരിയായി വികസിപ്പിക്കുക എന്നിവയാണ് സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് ധനസഹായം നൽകുന്നത് ; വിശദമാക്കുമോ ; | (സി) പ്രസ്തുത പദ്ധതിക്ക് ധനസഹായം നൽകുന്നതിനുള്ള ഏജൻസികൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പദ്ധതി നടത്തിപ്പിനുള്ള പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. പദ്ധികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാട്പാക്, കിറ്റ്കോ, മറ്റ് അംഗീകൃത കൺസൾട്ടന്റ്മാർ എന്നിവരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ്സ് വിഭാഗം, ദേശീയപാത വിഭാഗം, കെ.എസ്.റ്റി.പി, കെ.ആർ.എഫ്.ബി. ആർ.ബി.ഡി.സി.കെ എന്നീ ഏജൻസികളായിരിക്കും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക. ഇതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ